## ധനകാര്യം

### 2013-2014 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥന കളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

### സഭയുടെ വോട്ടിനുവേണ്ടി സമർപ്പിക്കുന്ന ധനാഭ്യർത്ഥനകളുടെ ലിസ്റ്റ്

| ബഡ്ജറ്റ് എസ്റ്റിമേറ്റ് 2013-14 | | | | | | |
|---|---|---|---|---|---|---|
| ധനാഭ്യർ-ത്ഥന നം. | ധനാഭ്യർത്ഥനയുടെ പേര് | 21-3-2013-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | |
| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | ആകെ (രൂപ) |
| (1) | (2) | (3) | (4) | (5) | (6) | (7) |
| **XIV** | *സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | **122,37,33,000** | **1,33,33,000** | **244,74,65,000** | **2,66,67,000** | **247,41,32,000** |
| **XXIX** | **കൃഷി** | **677,51,44,000** | **54,39,78,000** | **1355,02,88,000** | **108,79,55,000** | **1463,82,43,000** |
| **XXXI** | **മൃഗസംരക്ഷണം** | **136,69,81,000** | **8,96,67,000** | **273,39,62,000** | **17,93,33,000** | **291,32,95,000** |
| **XV** | **പൊതുമരാമത്ത്** | **690,43,00,000** | **386,29,02,000** | **1380,85,99,000** | **772,58,04,000** | **2153,44,03,000** |

* ഈ ധനാഭ്യർത്ഥനയിൽ, 104-വിജിലൻസ് എന്ന മൈനർ ഹെഡ് ഉൾപ്പെടുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, സ്റ്റേഷനറിയും അച്ചടിയും മറ്റുഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടേയും കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടേയും മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടേയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 7-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2013-2014 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുക 2013-2014 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, എന്റെ ഒരു പ്രസ്താവന അങ്ങയുടെ അനുവാദത്തോടുകൂടി മേശപ്പുറത്തുവയ്ക്കുന്നു.

## പ്രസ്താവന

കൃത്യമായ ആസൂത്രണവും പദ്ധതി നടപ്പാക്കലുമാണ് സംസ്ഥാനത്തെ റോഡുകളുടെ നിലവാരമുയർത്താൻ കാരണമായത്. ആസൂത്രണ വകുപ്പ് നടത്തിയ അവലോകനത്തിൽ പദ്ധതി വിഹിതം ചെലവഴിക്കുന്നതിൽ മുൻ വർഷത്തേതുപോലെ ഇത്തവണയും പൊതുമരാമത്ത് വകുപ്പ് മുന്നിലാണ്.

രണ്ട് കൊല്ലംകൊണ്ട് ഗതാഗത യോഗ്യമല്ലാതിരുന്ന ഒട്ടുമിക്ക റോഡുകളും പരിഷ്കരിച്ച് ഗതാഗതയോഗ്യമാക്കി.

റോഡുകളുടെ നിലവാരം ഉയർത്തുന്നത് സംബന്ധിച്ച് വ്യക്തമായ ഒരു നയവും പരിപാടിയും ഈ സർക്കാരിനുണ്ട്. അതുകൊണ്ട് തന്നെ സംസ്ഥാനത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ട് പൊതുമരാമത്ത് തയ്യാറാക്കിയിട്ടുള്ള കൃത്യമായ സമയപരിധിവച്ച് നടപ്പാക്കാനുദ്ദേശിക്കുന്ന കുറച്ച് പദ്ധതികൾ അവതരിപ്പിക്കാൻ ഞാൻ ഉദ്ദേശിക്കുന്നു.

തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളുടെ സ്വപ്ന പദ്ധതിയായ മോണോ റെയിൽ നടപ്പാക്കുന്നതിന് ഈ സർക്കാർ ഭരണാനുമതി നൽകിക്കഴിഞ്ഞു. പദ്ധതികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി ഡൽഹി മെട്രോ റെയിൽ കോർപ്പറേഷനെ പദ്ധതി നടത്തിപ്പിന്റെ ജനറൽ കൺസൾട്ടന്റായി തീരുമാനിച്ചു. ഡി.എം.ആർ.സി.-യുമായി ജനറൽ കൺസൾട്ടന്റ് കരാർ ഇന്നലെ ഒപ്പുവച്ചു.

പദ്ധതി നടപ്പിലാക്കുന്നതിന് കേരള മോണോ റെയിൽ കോർപ്പറേഷൻ ലിമിറ്റഡ് എന്ന കമ്പനിയും രൂപീകരിച്ച് പ്രവർത്തനം തുടങ്ങി. ഈ കമ്പനിയുടെ കോർപ്പറേറ്റ് ഓഫീസ് തിരുവനന്തപുരത്തും പ്രോജക്ട് ഓഫീസ് കോഴിക്കോടും പത്ത് ദിവസത്തിനുള്ളിൽ ഉദ്ഘാടനം ചെയ്യും.

ഒരു മാസത്തിനുള്ളിൽ മോണോ റെയിലുകളുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കും. ഭൂമി ഏറ്റെടുക്കുന്ന ജോലികൾ ഉടനെ ആരംഭിക്കും. നിർമ്മാണ പ്രവർത്തനങ്ങൾ ആറു മാസത്തിനുള്ളിൽ ആരംഭിക്കാനുള്ള തീരുമാനവുമായി സർക്കാർ മുന്നോട്ടുപോകുകയാണ്. മൊബിലൈസേഷൻ അഡ്വാൻസ് ഈ മാസം 26-ന് ഡി.എം.ആർ.സി.-ക്ക് കൈമാറും.

സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ മേഖലയിൽ സുസ്ഥിരവും ആസൂത്രിതവുമായ വികസനം ലക്ഷ്യമിട്ടുകൊണ്ടുള്ള ഒരു ബൃഹത് പദ്ധതിക്ക് പൊതുമരാമത്ത് വകുപ്പ് തുടക്കം കുറിക്കുകയാണ്. 10,000 കോടിരൂപ ചെലവ് പ്രതീക്ഷിക്കുന്ന 23 പദ്ധതികൾ ഉൾപ്പെട്ട 'SPEED KERALA'-യ്ക്ക് മന്ത്രിസഭ അനുമതി തന്നുകഴിഞ്ഞു.

SUSTAINABLE AND PLANNED EFFORT TO ENSURE DEVELOPMENT OF INFRASTRUCTRE IN KERALA-യാണ് SPEED KERALA എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്നത്. ഈ പദ്ധതി നടത്തുന്നതിനുള്ള ചുമതലയും ധനസമാഹരണവും കേരള റോഡ് ഫണ്ട് ബോർഡിനായിരിക്കും.

എല്ലാ ജില്ലകൾക്കും പ്രാതിനിധ്യം നൽകുന്നതിനൊപ്പംതന്നെ, സംസ്ഥാനത്ത് ഉടൻ നടപ്പാക്കേണ്ട പദ്ധതികൾ എന്ന നിലയിൽ ഒരേ പ്രാധാന്യത്തോടെ തുടങ്ങുന്ന ഇവ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള വിവിധ ഏജൻസികളാണ് നടപ്പാക്കുന്നത്. കേരള റോഡ് ഫണ്ട് ബോർഡ്, കെ.എസ്.ടി.പി, ആർ.ബി.ഡി.സി.കെ, റോഡ്സ് ആന്റ് ബ്രിഡ്ജസ് വിഭാഗം, കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ, നാറ്റ്പാക്, ദേശീയ പാത എന്നിവർക്കൊപ്പം കൊച്ചി മെട്രോ റെയിലും ചേർന്നാണ് ഈ പദ്ധതി നടപ്പാക്കുന്നത്.

കൊച്ചിയിലെ വൈറ്റില, കുണ്ടന്നൂർ ഫ്ളൈ ഓവറുകൾ, തൃശ്ശൂരിൽ എൻ.എച്ച്-47-നുമായി ബന്ധിപ്പിക്കുന്ന മണ്ണുത്തി-അമല നഗർ ബൈപ്പാസ് റോഡും, തൃശ്ശൂർ-കുറ്റിപ്പുറം റോഡിന്റെ പുനരുദ്ധാരണവും കെ.എസ്.ടി.പി.-യാണ് നടപ്പാക്കുന്നത്.

പാലാരിവട്ടം ഫ്ളൈ ഓവറും ചക്കരപ്പറമ്പുമുതൽ സീപോർട്ട്-എയർപോർട്ട് റോഡുവരെയുള്ള പുല്ലേപ്പടി, തമ്മനം സെക്കന്റ് റീച്ചും റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ നിർമ്മിക്കും.

കളമശ്ശേരി അപ്പോളോ ജംഗ്ഷനിലെ മേൽപ്പാലം നിർമ്മിക്കുന്നത് കൊച്ചി മെട്രോ റെയിൽ കോർപ്പറേഷനായിരിക്കും.

തിരുവനന്തപുരത്തെ കഴക്കൂട്ടം മുതൽ കേശവദാസപുരം വരെയുള്ള റോഡ് 4 വരി ആക്കുന്നതും, കൊല്ലം, ആലപ്പുഴ, തൃപ്പൂണിത്തുറ, കോഴിക്കോട്, തലശ്ശേരി-മാഹി, വളപ്പട്ടണം ബൈപ്പാസ് റോഡും ദേശീയപാത വിഭാഗം നിർമ്മിക്കും.

പൊതുമരാമത്ത് വകുപ്പിലെ റോഡ്സ് ആന്റ് ബ്രിഡ്ജസ് വിഭാഗത്തെയാണ് സ്പീഡ് കേരളയിലെ കൂടുതൽ പദ്ധതികളും ഏൽപ്പിച്ചിരിക്കുന്നത്.

കഞ്ഞിക്കുഴി-വെട്ടത്തുകവല-കറുകച്ചാൽ റോഡ് പുനരുദ്ധാരണം, ചോഴിയക്കാട്-പരുത്തുംപാറ-എഫ്.സി.ഐ-പാക്കിൽ-മുളക്കുഴ-രാമൻചിറ-തിരുവാതുക്കൽ-ഇല്ലിക്കൽ ജംഗ്ഷൻ റോഡ്, പത്തനംതിട്ട നഗരത്തിലെ ഔട്ടർ റിംഗ് റോഡ്, ഇടുക്കിയിൽനിന്നും തൊടുപുഴയിലേയ്ക്കുള്ള തൊടുപുഴ-കാളിയാർ-വണ്ണപ്പുറം-ചേലച്ചുവട്-ഇടുക്കി സമാന്തരപാത, മഞ്ചേരി റിംഗ് റോഡ്, താമരശ്ശേരി ചുരം ബദൽറോഡ് (ചിപ്പിലിത്തോട്-മരുതിലാവ്-താളിപ്പുഴ റോഡ്)

ചൗക്കി-ഈയത്തടുക്ക-വിദ്യാനഗർ ബൈപ്പാസ് റോഡ്, പാല റിവർവ്യൂ റോഡ്, കളരിയാമ്മക്കൽ മുതൽ സാന്തോം കോംപ്ലക്സ് വരെ അഭിവൃദ്ധിപ്പെടുത്തൽ, രാമപുരം-നാലമ്പലം ദർശനം റോഡുകൾ (BM & BC)

കാസർഗോഡ് നന്ദാരപ്പടവ് മുതൽ തിരുവനന്തപുരം കടുകരവരെയുള്ള ഹിൽ ഹൈവേയുടെ പൂർത്തീകരണം എന്നിവയാണ് പൊതുമരാമത്ത് വകുപ്പിലെ റോഡ്സ് ആന്റ് ബ്രിഡ്ജസ് വിഭാഗം പദ്ധതിയിൽ നടപ്പാക്കുന്നത്.

പാലക്കാട്ടെ സുൽത്താൻപേട്ട ജംഗ്ഷൻ നവീകരണവും എടപ്പാൾ ഫ്ളൈ ഓവറും കേരള കൺസ്ട്രക്ഷൻ കോർപ്പറേഷൻ നടപ്പാക്കും.

കേരള റോഡ് ഫണ്ട് ബോർഡിനാണ് കോഴിക്കോട്ടെ മാനാഞ്ചിറ -വെള്ളിമാടുകുന്ന് റോഡ് നാലുവരിയാക്കുന്നതിന്റെ ചുമതല. വനയാട്ടിലെ ബത്തേരി മുതൽ മൈസൂർവരെ വനഭൂമിയിലെ ഒരു എലിവേറ്റഡ് ഹൈവേയുടെ സാദ്ധ്യതാ പഠനവും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നാറ്റ്പാക് ആയിരിക്കും എൻ.എച്ച്-212 -ലെ ഈ സാദ്ധ്യതാപഠനം നടത്തുന്നത്. പദ്ധതിയുടെ വിശദമായ രൂപരേഖ തയ്യാറാക്കുന്നതിന് നാറ്റ്പാക്, കിറ്റ്കോ എന്നിവയ്ക്കുപുറമെ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ കീഴിലുള്ള അംഗീകൃത ഏജൻസികളും കൂടിയാണ്. ആ ചുമതല അവരെ ഏൽപ്പിച്ചുകഴിഞ്ഞു.

എറണാകുളം ഇടപ്പള്ളി ജംഗ്ഷനിൽ അനുഭവപ്പെടുന്ന രൂക്ഷമായ ഗതാഗത കുരുക്കിന് ഒരു പരിഹാരമെന്ന നിലയിൽ ടോൾ ഇല്ലാതെ ഫ്ളൈ ഓവർ നിർമ്മിക്കുന്നതിന് അനുമതി നൽകിക്കഴിഞ്ഞു. കൊച്ചി മെട്രോയുടെ നിർമ്മാണത്തോടൊപ്പം ഇതിന്റെ നിർമ്മാണവും ഏറ്റെടുത്ത് നടപ്പാക്കുന്നതിന് ഡി.എം.ആർ.സി.-യെ ഏൽപ്പിച്ചു കഴിഞ്ഞു. 148 കോടി രൂപയാണ് ഇടപ്പള്ളി ഫ്ളൈ ഓവറിന് കേരള സർക്കാർ ചെലവഴിക്കുന്നത്.

സംസ്ഥാനത്തെ റോഡുകളുടെ നിർമ്മാണം ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി നാം തുടക്കം കുറിച്ച സംസ്ഥാന റോഡുവികസന പദ്ധതി

നടപ്പാക്കാൻ റോഡ് ഇൻഫ്രാസ്ട്രക്ച്ചർ കമ്പനി കേരള രൂപീകരിച്ച് പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. സംസ്ഥാനത്തെ തിരഞ്ഞെടുത്ത 1204 കി.മീറ്റർ റോഡാണ് ഇത്തരത്തിൽ ദേശീയ നിലവാരത്തിലേയ്ക്കുയർത്തുന്നത്.

റീഹാബിലിറ്റേഷൻ, അപ്ഗ്രഡേഷൻ എന്നീ രണ്ടു പാക്കേജുകളിലായി, ടോളില്ലാതെ വികസിപ്പിക്കുന്ന 69 റോഡുകളാണ് ഇതിലുള്ളത്.

റീഹാബിലിറ്റേഷൻ പാക്കേജിൽ ഉൾപ്പെടുത്തിയ ഭൂമി ഏറ്റെടുക്കൽ, ആവശ്യമില്ലാത്ത 551 കി.മീ. റോഡുകളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഈ റോഡുകളുടെ നവീകരണം നടത്തുന്നതിന് ആന്വിറ്റി രീതിയിൽ കരാർ എടുക്കുന്നതിനായി കൺസഷണർ കമ്പനികളിൽനിന്നും ഓഫറുകൾ കിട്ടിയിട്ടുണ്ട്. ടെണ്ടർ നടപടികൾ തുടങ്ങിക്കഴിഞ്ഞു. ഈ വർഷംതന്നെ നിർമ്മാണ പ്രവർത്തികൾ തുടങ്ങുന്ന വിധത്തിലാണ് സർക്കാർ മുന്നോട്ടുപോകുന്നത്.

ഇന്ത്യയിൽ ആദ്യമായി ഗ്രീൻ ബിൽഡിംഗ് പോളിസി അഡോപ്റ്റ് ചെയ്ത സംസ്ഥാനമാണ് കേരളം. ഈ നയം നാം സ്വീകരിച്ചുകഴിഞ്ഞു.

സർക്കാർ നിർമ്മിതികൾ മാത്രമല്ല സ്വകാര്യമേഖലയും ഈ വഴിയിലേയ്ക്ക് വരണമെന്നാണ് സർക്കാർ നയം.

ഇത്തരത്തിലുള്ള സ്വകാര്യ നിർമ്മാണങ്ങൾക്ക് നികുതിയിളവ് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകാൻ സർക്കാർ തയ്യാറാണ്.

റോഡുകളിൽ സോളാർ വിളക്കുകളും സിഗ്നലുകളും സ്ഥാപിക്കുന്ന പദ്ധതി നാം തുടങ്ങിക്കഴിഞ്ഞു. ഒപ്പം മരം വച്ചുപിടിപ്പിക്കലും ലാൻഡ്സ്കേപ്പിംഗുമൊക്കെ ഇനി മുതൽ റോഡ് നിർമ്മാണത്തിന്റെ ഭാഗമായിരിക്കും.

സംസ്ഥാനത്തെ റോഡുകൾ മെച്ചപ്പെട്ടുവെന്ന് പൊതുവെ അഭിപ്രായമുണ്ട്. എന്നാൽ റോഡുകൾ നന്നാകുമ്പോൾ വാഹനങ്ങളുടെ വേഗത കൂടുകയും അങ്ങനെ അപകടങ്ങൾ വർദ്ധിക്കുകയും ചെയ്യുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതുകൊണ്ടുതന്നെ റോഡ് സുരക്ഷയ്ക്ക് കൂടുതൽ പ്രാധാന്യം നൽകണമെന്ന് ഈ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

കെ.എസ്.ടി.പി.-യുടെ നേതൃത്വത്തിൽ തിരുവനന്തപുരത്തെ കഴക്കൂട്ടം മുതൽ പുനലൂർ വരെ നടപ്പാക്കുന്ന മാതൃക സുരക്ഷാ റോഡ് ഇത്തരമൊരു ആലോചനയിൽ നിന്നുണ്ടായതാണ്.

റോഡ് സുരക്ഷയെ, റോഡ് നിർമ്മാണത്തിന്റെ ഒരു ഭാഗം(component) ആക്കാനാണ് ഈ സർക്കാരിന്റെ തീരുമാനം. റോഡ് സുരക്ഷിതത്വം ഉറപ്പുവരുത്താൻ റോഡ് സേഫ്റ്റി സെല്ലുകളെ മേഖലാടിസ്ഥാനത്തിൽ വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

ട്രാഫിക് എഞ്ചിനീയറിംഗ് ആന്റ് സേഫ്റ്റി സെൽ എന്ന പേരിൽ തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന ചെറിയ സ്ഥാപനം വിപുലപ്പെടുത്തി എറണാകുളം, കോഴിക്കോട് എന്നീ മേഖലകളിൽ ഇത് സ്ഥാപിക്കുന്നതുമാണ്. അടിസ്ഥാന സൗകര്യ വികസനത്തെ കൂടുതൽ വിശാലമായ കാഴ്ചപ്പാടോടെ കാണുകയാണ് പൊതുമരാമത്ത് വകുപ്പ്. അതിന്റെ ഭാഗമായി നടപ്പാക്കുന്നതാണ് പ്രതീക്ഷ ബസ് ഷെൽട്ടർ പദ്ധതിയും ആശ്വാസ് പബ്ലിക് അമിനിറ്റീസ് സംവിധാനവും.

യാത്രക്കാർക്ക് സുരക്ഷിതമായും സൗകര്യപ്രദമായും കാത്തുനിൽക്കുന്നതിന് സംസ്ഥാനത്തൊട്ടാകെ ആധുനിക സൗകര്യങ്ങളോടുകൂടിയ ബസ് ഷെൽട്ടറുകൾ നിർമ്മിക്കുന്നതിനാണ് പ്രതീക്ഷ പദ്ധതി ഒരുങ്ങുന്നത്.

ഇതിന്റെ ആദ്യ ഘട്ടമായി ഓരോ ജില്ലയിലും 10 ബസ് ഷെൽട്ടറു കൾവീതം നിർമ്മിക്കും. സ്വകാര്യ പങ്കാളിത്തത്തോടെയാണ് നിർമ്മാണവും പരിപാലനവും നടത്താൻ ഉദ്ദേശിക്കുന്നത്.

നഗരപ്രദേശങ്ങളിലും ദീർഘദൂര യാത്രക്കാർക്കും പൊതുജനങ്ങൾ കൂടുതലായി എത്തുന്ന സർക്കാർ ഓഫീസുകളിലും സൗകര്യപ്രദവും വൃത്തി യുള്ളതുമായ ടോയ്‌ലെറ്റ് സൗകര്യം ലഭ്യമാക്കുന്നതിന് വകുപ്പിനുകീഴിൽ നിലവിൽ വരുന്ന കമ്പനിയാണ് 'ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡ്.'

പി.പി.പി. മോഡലിൽ സ്വയംപര്യാപ്തമായ രീതിയിൽ 5 ജില്ലാ ഭരണ കേന്ദ്രങ്ങളിലും 7 ദീർഘദൂര റൂട്ടുകളിലുമായി ആദ്യഘട്ടത്തിൽ 12 എണ്ണം സ്ഥാപിക്കാനാണുദ്ദേശിക്കുന്നത്.

ദേശീയപാത വികസനം എന്നും സംസ്ഥാനത്തെ ഒരു മുഖ്യവിഷയ മാണ്. ബി.ഒ.റ്റി സംവിധാനത്തിൽ ടോൾ പിരിച്ചുള്ള ദേശീയ പാത വികസന ത്തിനോട് വൻതോതിലുള്ള എതിർപ്പ് വന്നിട്ടുണ്ട്.

എൻ.എച്ച്-17, എൻ.എച്ച്-47 എന്നിവയുടെ കരാറിൽനിന്ന് പിന്മാറാൻ കഴിയില്ല. അതേസമയം കൂടുതൽ ദേശീയ പാതകൾ ഇത്തരത്തിൽ ടോൾ പിരിവിലൂടെ വികസിപ്പിക്കേണ്ടതില്ലെന്നാണ് സർക്കാരിന്റെ തീരുമാനം.

NHDP ഫേസ് 4- ൽ ഉൾപ്പെടുത്തി NHAI വികസിപ്പിക്കാൻ ഉദ്ദേശിച്ചി രുന്ന 5 ദേശീയ പാതകൾ അത്തരത്തിൽ ടോളോടുകൂടി വികസിപ്പിക്കേണ്ടതി ല്ലെന്നാണ് തീരുമാനിച്ചിരിക്കുന്നത്. പകരം കേന്ദ്ര സർക്കാരിന്റെ ദേശീയ പാതയുടെ ഒറിജിനൽ ഫണ്ട് ( എൻ.എച്ച്- ഒ) ഉപയോഗിച്ച് ഈ പാതകൾ

ടോളില്ലാതെ വികസിപ്പിക്കണമെന്നതാണ് ഗവൺമെന്റിന്റെ ആഗ്രഹം. അത് കേന്ദ്ര സർക്കാർ അംഗീകരിച്ചു.

കുണ്ടന്നൂർ-ബോഡിമെട്ട് (എൻ.എച്ച്-49), കൊല്ലം-കടുത്തുരുത്തി (എൻ.എച്ച്-208), കോഴിക്കോട്-മുത്തങ്ങ (എൻ.എച്ച്-212), കോഴിക്കോട്-പാലക്കാട് (എൻ.എച്ച്-213), കൊല്ലം-തേനി (എൻ.എച്ച്-220) എന്നീ റോഡുകളാണ് പേവ്ഡ് ഷോൾഡറോടുകൂടി രണ്ടുവരി പാതയായി ടോളില്ലാതെ ദേശീയ പാത ഒറിജിനൽ ഫണ്ടുപയോഗിച്ച് വികസിപ്പിക്കുന്നത്.

അതുപോലെ പ്രധാനപ്പെട്ട ഒന്നാണ് കെ.എസ്.ടി.പി. ലോക ബാങ്ക് സഹായത്തോടെയുള്ള 2403 കോടി രൂപയുടെ ഈ ബൃഹത് പദ്ധതിയുടെ അന്തിമ കരാറിന് ഇന്നലെ ദില്ലിയിൽ ഒപ്പുവച്ചു. 1166 കോടിരൂപ ലോക ബാങ്ക് സഹായം കിട്ടുന്ന ഈ പദ്ധതിയിൽപ്പെട്ട 3 റോഡുകളുടെ പണികൾ തുടങ്ങിക്കഴിഞ്ഞു. കാസർകോഡ്-കാഞ്ഞങ്ങാട്, പിലാത്തറ-പാപ്പിനിശ്ശേരി, തലശ്ശേരി-വളവുപാറ എന്നീ റോഡുകളുടെ പ്രവൃത്തികളാണ് തുടങ്ങിയത്. പദ്ധതിയിൽപ്പെടുന്ന ചെങ്ങന്നൂർ-മൂവാറ്റുപുഴ റോഡിന്റെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. തിരുവല്ല ബൈപ്പാസിന്റെ വിശദമായ രൂപരേഖ തയ്യാറായിക്കഴിഞ്ഞു. ടെണ്ടർ നടപടികൾ നടന്നുവരുന്നു. സ്വകാര്യ പങ്കാളിത്തത്തോടെ വികസിപ്പിക്കുന്ന പുനലൂർ-പൊൻകുന്നം റോഡിന്റെ ടെണ്ടർ നടപടികൾ ഉടൻ ആരംഭിക്കും. പൊൻകുന്നം-തൊടുപുഴ റോഡിന്റെ വിശദമായ രൂപരേഖ തയ്യാറായിക്കഴിഞ്ഞു. പെരിമ്പിലാവ് -പെരിന്തൽമണ്ണ റോഡിന്റെ അലൈൻമെന്റ് അംഗീകരിക്കുന്ന നടപടികൾ ഇപ്പോൾ നടന്നുവരുന്നു.

മുൻകാല കാഴ്ചപ്പാടുകളിൽ നിന്ന് വ്യത്യസ്തമായി അടിസ്ഥാന സൗകര്യവികസന രംഗത്ത് വലിയൊരു കുതിച്ചുചാട്ടത്തിന് തയ്യാറായിരിക്കുകയാണ് നമ്മുടെ സംസ്ഥാനം.

കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ തുടക്കം കുറിച്ചതും പ്രവർത്തനം തുടരുന്നതും ഉടൻ നടപ്പിലാക്കുന്നതുമായ നിരവധി പദ്ധതികൾ നമുക്കുണ്ട്.

ഉടൻ ടെണ്ടർ നടപടികൾ ആരംഭിക്കുന്ന 280 കോടി മതിപ്പ് ചെലവ് പ്രതീക്ഷിക്കുന്ന കോഴിക്കോട് നഗര റോഡ് വികസന പദ്ധതി, വിശദമായ പ്രോജക്ട് റിപ്പോർട്ട് പൂർത്തിയായി വരുന്ന കോട്ടയം, തൃശ്ശൂർ, മലപ്പുറം, കണ്ണൂർ നഗര റോഡ് വികസന പദ്ധതികൾ, കൊല്ലം നഗര വികസന പദ്ധതി, തിരുവനന്തപുരം നഗര റോഡ് വികസനത്തിന്റെ രണ്ടാം ഘട്ടം, വല്ലാർപ്പാടം മുതൽ പൊന്നാനി വഴി കോഴിക്കോട് വരെ നീളുന്ന പണി തുടങ്ങിയ തീരദേശ ഇടനാഴി, കേരള റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷൻ പണി പൂർത്തിയാക്കിയ 23 റെയിൽവേ മേൽപ്പാലങ്ങൾ, പണി പുരോഗമിച്ചുവരുന്ന 15 റെയിൽവേ പാലങ്ങൾ, ഉടൻ തുടങ്ങുന്ന 15 മേൽപ്പാലങ്ങൾ തുടങ്ങിയവ.

സംസ്ഥാന ചരിത്രത്തിൽ ഏറ്റവും കൂടുതൽ നബാർഡ് സഹായം നേടാൻ കഴിഞ്ഞത് കഴിഞ്ഞ രണ്ട് വർഷമാണ്. 514 കോടി രൂപ മതിപ്പ് ചെലവിൽ 59 റോഡുകളും 14 പാലങ്ങളും ഇപ്പോൾ നബാർഡ് സഹായത്തോടെ നിർമ്മിച്ചുവരികയാണ്.

അതുപോലെ തന്നെ പ്രധാനപ്പെട്ടതാണ് പൊതുമരാമത്തും കുടുംബശ്രീയും തമ്മിലുള്ള ധാരണ. സംസ്ഥാനത്തെ ഏതാനും റെസ്റ്റ് ഹൗസുകളിലെ ഹൗസ് കീപ്പിംഗും കാറ്ററിംഗും കുടുംബശ്രീയെ ഏൽപ്പിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ആദ്യഘട്ടത്തിൽ 15 എണ്ണമാണ് ഏൽപ്പിക്കുന്നത്.

റോഡ് വികസനത്തിന്റെ ഭാഗമായി വളവുകൾ നിവർക്കുമ്പോൾ ഉപയോഗ ശൂന്യമാകുന്ന സർക്കാർ ഭൂമി അന്യാധീനപ്പെട്ടുപോകാതിരിക്കാൻ അവിടങ്ങളിൽ യാത്രക്കാരുടെ സൗകര്യാർത്ഥം വഴിയോര വിശ്രമകേന്ദ്ര ങ്ങളും, പെട്രോൾ പമ്പുകൾ, റെസ്റ്റോറന്റുകൾ തുടങ്ങിയവ ഒരുക്കുന്ന ഓക്സ്ബോ ലാന്റ് വികസന പദ്ധതി നാം ആവിഷ്ക്കരിച്ചുകഴിഞ്ഞു. ഇത്തരത്തിലുള്ള 102 സ്ഥലങ്ങൾ ഐഡന്റിഫൈ ചെയ്തിട്ടുണ്ട്. ഇതിന്റെ ടെണ്ടർ നടപടികൾ നാല് മാസത്തിനുള്ളിൽ തുടങ്ങും.

നമ്മുടെ ഗതാഗത മാർഗ്ഗങ്ങളെ സമഗ്രമാക്കുന്നതിനായുള്ള സമഗ്ര ഗതാഗത സംവിധാനം (Multi Model Integrated Transport System) സംബന്ധിച്ച് പഠനം പൂർത്തിയായിട്ടുണ്ട്.

പ്രീ-ഫാബ്രിക്കേഷൻ ടെക്നോളജി സംസ്ഥാനത്ത് നടപ്പാക്കാൻ തീരുമാനിച്ചുകഴിഞ്ഞു. ടെണ്ടർ അംഗീകരിക്കുന്നതിനും നിർമ്മാണ പ്രവൃത്തി കൾ ഏറ്റെടുക്കുന്നതിലുമുള്ള കാലതാമസം കുറയ്ക്കാൻ കേന്ദ്ര പൊതു മരാമത്ത് വകുപ്പിന്റെ (CPWD) ഷെഡ്യൂളുകളും നിരക്കുകളും ഒക്ടോബർ ഒന്നുമുതൽ സംസ്ഥാനത്ത് പ്രാബല്യത്തിൽ വരികയാണ്.

ഈ സർക്കാർ തുടങ്ങിവച്ച അടിസ്ഥാന സൗകര്യ വികസന പദ്ധതി കൾക്ക് പൊതുസമൂഹവും മാധ്യമങ്ങളും നൽകുന്ന പിന്തുണ വളരെയധിക മാണ്. അടിസ്ഥാന സൗകര്യവികസനമെന്നാൽ നാടിന്റെ വികസനമാണ്. അതിന് എതിര് നിൽക്കുന്നവർ ആരും ഉണ്ടെന്ന് തോന്നുന്നില്ല. അതിൽ കക്ഷി-രാഷ്ട്രീയ ഭേദമില്ല, ഭരണ-പ്രതിപക്ഷ വ്യത്യാസമില്ല.

മുൻ കാലങ്ങളിൽ നിന്ന് വ്യത്യസ്തമായി കിട്ടുന്ന ഈ പിന്തുണയാണ് ഈ മേഖലയിൽ കൂടുതൽ പദ്ധതികൾ ആവിഷ്കരിക്കുവാൻ ഈ സർക്കാരിന്റെ പിന്തുണയാവുന്നത്.

**ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന**

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിക്കുവേണ്ടി കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, സ്റ്റേഷനറിയും അച്ചടിയും മറ്റുഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയേയും കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയേയും മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയേയും പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകളിലെ ശുപാർശകളിന്മേൽ ചട്ടം 236(3) അനുസരിച്ചുള്ള പ്രസ്താവനകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

എന്റെ ഒരു പ്രസ്താവന അങ്ങയുടെ അനുവാദത്തോടുകൂടി മേശപ്പുറത്തുവയ്ക്കുന്നു.

**പ്രസ്താവന**

**പുതിയ പദ്ധതികൾ**

സംസ്ഥാനത്തെ മുഴുവൻ വീടുകളിലും ഈ സാമ്പത്തിക വർഷം 'ഒരു വീട്ടിൽ ഒരു ഫല വൃക്ഷം' എന്ന പദ്ധതിയിലൂടെ മാവ്, പ്ലാവ്, വാഴ എന്നിവയിൽ ഏതെങ്കിലുമൊരു ഫലവൃക്ഷത്തെ വിതരണം ചെയ്യുന്നതാണ്.

സംസ്ഥാനത്തെ പഞ്ചായത്തുകളിൽ വിവിധ വിളകൾ കൃഷി ചെയ്യുന്ന കർഷകരുടെ 'ഉത്പാദക സംഘങ്ങൾ' രൂപീകരിക്കും. ഒരു ബ്ലോക്കിലെ വിവിധ പഞ്ചായത്തുകളിലെ ഒരേ വിള കൃഷി ചെയ്യുന്ന ഉത്പാദക സംഘങ്ങളെ ചേർത്ത് ക്ലസ്റ്ററുകളും ജില്ലാതലത്തിൽ ഇത്തരം ക്ലസ്റ്ററുകളുടെ അപ്പക്സ് ബോഡികളും ഇവയെ സംസ്ഥാനതലത്തിൽ സംയോജിപ്പിച്ച് കാർഷികോത്പാദക സംഘമായി രജിസ്റ്റർ ചെയ്യുന്നതുമാണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള സഹായങ്ങൾ ലഭ്യമാക്കുന്ന സംഘങ്ങൾ പച്ചക്കറി, പഴവർഗ്ഗങ്ങൾ, പുഷ്പങ്ങൾ, ഔഷധ സസ്യങ്ങൾ, സുഗന്ധവ്യഞ്ജനവിളകൾ എന്നിവയുടെ ഉല്പാദനം പ്രോത്സാഹിപ്പിക്കും.

വയനാട്ടിലെ മാനന്തവാടിയിൽ 4.57 കോടി രൂപ ചിലവിൽ സവിശേഷ നെല്ലിനങ്ങളുടെ കൃഷിയുടെ പ്രോത്സാഹനത്തിനായി ഒരു റൈസ്മിൽ സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി ലഭിച്ചു. ഈ വർഷംതന്നെ തുടങ്ങുന്നതാണ്.

കൈതച്ചക്ക കൃഷിയുടെ പ്രോത്സാഹനാർത്ഥം പൈനാപ്പിൾ മിഷൻ രൂപീകരിക്കുകയും അതിനായി സ്പെഷ്യൽ ഓഫീസറെ നിയമിക്കുകയും ചെയ്തു.

മാലിന്യം ഉറവിടങ്ങളിൽ തന്നെ സംസ്കരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ സർക്കാർ, എയ്ഡഡ്, സ്കൂളുകളിലും ജൈവ വാതക പ്ലാന്റുകൾ സ്ഥാപിക്കുന്നതാണ്. 13000 രൂപ ചിലവു വരുന്ന പ്ലാന്റുകൾ പ്രൈമറി സ്കൂളുകളിലും 17500 രൂപ ചിലവ് വരുന്നവ യു.പി. വിഭാഗത്തിലും 23500 രൂപ ചിലവ് വരുന്നവ ഹൈസ്കൂൾ വിഭാഗത്തിലുമാണ്

സ്ഥാപിക്കുക. 25 കോടി രൂപ ചിലവ് വരുന്ന ഈ പദ്ധതി മാലിന്യ നിർമ്മാർജ്ജനം, ഊർജ്ജോല്പാദനം, ജൈവപച്ചക്കറി, ശുചിത്വ അവ ബോധം, കുട്ടികളെ കാർഷികവൃത്തിയിലേയ്ക്ക് ആകർഷിക്കൽ എന്നിവ ലക്ഷ്യമാക്കിയുള്ളതാണ്.

സംസ്ഥാനത്തെ 30 പഞ്ചായത്തുകളിലും രണ്ട് ജില്ലാ കേന്ദ്രങ്ങളിലും കാർഷിക വിളകളുടെ ആരോഗ്യ പാരിപാലനത്തിനായി ലബോറട്ടറി സൗകര്യ ങ്ങളോടു കൂടിയ ക്ലിനിക്കുകൾ സ്ഥാപിക്കുന്നതുമാണ്.

തെങ്ങ്, വാഴ, കുരുമുളക് തുടങ്ങിയവയുടെ ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ കർഷകർക്ക് മിതമായ നിരക്കിൽ ലഭ്യമാകുന്നതാണ്.

കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ കീഴിൽ കൊല്ലം ജില്ല യിലെ പുനലൂരിൽ സതേൺ റീജിയണൽ ട്രെയിനിംഗ് സെന്റർ ഓൺ ഫാം മെഷിനറീസ് 2013 സെപ്തംബർ മാസത്തിൽ പ്രവർത്തനം ആരംഭിക്കുന്ന താണ്. ട്രാക്ടർ, പവർടില്ലർ, റീപ്പർ, വീഡ് കട്ടർ, ഗാർഡൻ ടില്ലർ, കമ്പയിൻസ്, ഹാർവെസ്റ്റർ, ട്രാൻസ്പ്ലാന്റർ, സ്പ്രെയർ, ഡിഗർ, തെങ്ങുകയറ്റ യന്ത്രം എന്നിവ പ്രവർത്തിക്കുന്നതിന് പരിശീലനം സിദ്ധിച്ച വിദഗ്ദ്ധ കർഷക തൊഴി ലാളികളുടെ സേവനം കെയ്കോയുടെ ജില്ലാ ഓഫീസുകൾ വഴി ലഭ്യമാക്കും.

113 ലക്ഷം രൂപ ചിലവിൽ മാളയിൽ ഒരു മോഡേൺ ജാക് ഫ്രൂട്ട് പ്ലാന്റ് സ്ഥാപിച്ച് മൂല്യ വർദ്ധിത ഉത്പന്നങ്ങളുടെ ഹൽവ, പെറ്റിൻ, ജാം, അച്ചാർ, ചക്കച്ചുള ഉണക്കിയത്, ഫ്രൂട്ബാർ, നെക്ടർ, സ്ക്വാഷ്, സിറപ്പ് മുതലായവ ഉത്പാദിപ്പിച്ച് വിപണനം നടത്തും. ഇതും 2013 സെപ്തംബർ മാസത്തിൽ പ്രവർത്തനം ആരംഭിക്കും.

ഒരു പഞ്ചായത്തിൽ 100 എന്ന നിലയിൽ 1 ലക്ഷം കന്നുകുട്ടികളെ ദത്തെടുത്ത് തീറ്റയും പരിചരണവും ഉറപ്പാക്കുന്ന 'ഗോവർദ്ധിനി' പദ്ധതി ഉടൻ ആരംഭിക്കുന്നതാണ്. ഇതിനുള്ള അനുമതി കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ട്. **(ഉത്തരവിന്റെ കോപ്പി അടക്കം ചെയ്യുന്നു.)**

മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയുടെ ഭാഗമായി ഇടയാറിൽ ഹൈടെക് അറവുശാലയും ചാലക്കുടിയിൽ മാംസ സംസ്ക്കരണ പ്ലാന്റും, മുണ്ടയാട് പൗൾട്രി പ്രോസസിംഗ് പ്ലാന്റും സ്ഥാപിക്കുന്നതാണ്.

2013-14 ബജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയ കാർഷിക കർമ്മസേന യ്ക്ക് ഒരു കോടി രൂപയും മാതൃക ഹൈടെക് ഹരിത ഗ്രാമങ്ങൾക്ക് 42 കോടി രൂപയും, ഉല്പാദക കമ്പനികൾക്കും കാർഷിക മാളുകൾക്കും 25 കോടി രൂപ യും, ടെക്നോളജി സെന്ററുകൾ ഒന്നിന് 50 ലക്ഷം രൂപയും, ജൈവകൃഷി പ്രോത്സാഹനത്തിന് 12 കോടി രൂപയും, നീര ഉല്പാദനത്തിന് 15 കോടി രൂപയും അനുവദിച്ച് പ്രവർത്തനം തുടങ്ങുന്നതുമാണ്.

ആധുനിക യന്ത്രാധിഷ്ഠിതമായ കാർഷിക മുറകളിൽ സാങ്കേതിക പരി ശീലനം ലഭ്യമാക്കുന്നതിനുവേണ്ടി കാർഷിക സർവ്വകലാശാലയുടെ ആഭിമു ഖ്യത്തിൽ ഒരു വനിതാ പോളിടെക്നിക് അടക്കം കാർഷിക പോളിടെക്നിക്കു കൾ ആരംഭിക്കും.

കാർഷിക ഗവേഷണത്തിൽ കാലിക പ്രാധാന്യമുള്ള മേഖലകളിൽ എട്ട് 'മികവിന്റെ കേന്ദ്രങ്ങൾ' ആരംഭിക്കും. സങ്കര വിത്തുല്പാദന ഗവേഷ ണവും, കർഷക വിപണന കേന്ദ്രങ്ങളും കാർഷിക സർവ്വകലാശാല ഈ വർഷം തന്നെ ആരംഭിക്കും.

വെറ്ററിനറി സർവ്വകലാശാല സുസ്ഥിര ക്ഷീര വികസനത്തിനായി 'ക്ഷീര സംരംഭകത്വ കേന്ദ്രം' ആരംഭിക്കും. കണ്ണൂർ ജില്ലയിൽ കൂത്തുപറമ്പ് മണ്ഡലത്തിൽ 'ജൈവ വിഭവ കേന്ദ്രം' ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയുമായി ചേർന്ന് കോഴി വളർത്തലിൽ സംരംഭകത്വ പരിശീലന കേന്ദ്രം ആരംഭിക്കും.

കോഴിക്കോട് കാക്കൂർ പഞ്ചായത്തിൽ ലൈവ് സ്റ്റോക്ക് റിസോഴ്സ് പാർക്ക് തുടങ്ങുന്നതാണ്. കുട്ടനാട്, പാലക്കാട് എന്നീ സ്ഥലങ്ങളിൽ റൈസ് ബയോ പാർക്കുകളും, തൃശ്ശൂർ ജില്ലയിലെ ചേലക്കരയിലും, കണ്ണൂർ ജില്ലയിലെ ആറളം ഫാമിലും, കോക്കനട്ട് ബയോ പാർക്കുകളും സ്ഥാപിക്കുവാൻ തീരുമാനമായിട്ടുണ്ട്. മുഴുവൻ നിയോജക മണ്ഡലങ്ങളിലും ഒരു പുതിയ കാർഷിക പദ്ധതി ചിങ്ങം ഒന്ന് മുതൽ ആരംഭിക്കുന്നതാണ്. അച്ചടിയുടെ 175 -ാം വാർഷികത്തോടനുബന്ധിച്ച് അച്ചടി വകുപ്പിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കും. പട്ടിക വർഗ്ഗ വിഭാഗത്തിന് അവരുടെ പുരയിടങ്ങളിൽ ഒരു കാർഷിക മൃഗസംരക്ഷണ പദ്ധതിയിലൂടെ ഉപജീവനത്തിനും, പോഷകാഹാരത്തിനുമായി ബൃഹത്തായ പദ്ധതി നടപ്പിലാക്കുന്നതാണ്.

F.No.3-15/2013-AHT(NPCBB)
Government of India
Ministry of Agriculture
Department of Animal Husbandry, Dairying & Fisheries

Krishi Bhavan New Delhi
Dated 18/06/2013

Subject: Implementation of Govardhini Scheme in Kerala

This is with reference to the Govardhini Scheme submitted by Animal Husbandry Department, Government of Kerala. In this connection it is stated that the proposal submitted by the State in has merit and is approved in principle for implementation in the State. The cost parameters of the project may be worked in detail in consultation with other reliable sources like NABARD

3. It is requested that the detailed project report along with details of sourcing of calves and mode of selection of beneficiaries may be submitted to this Department for seeking assistance under RKVY/NMPS.

(Dr Bhushan Tyagi)
Assistant Commissioner (NPCBB)

Distribution

1. The principal Secretary, Government of Kerala, Department of Animal Husbandry and/diary Development Department, Government Secretariat, Thiruvananthapuram, Fax No. 0471-2335452.
2. The Director, Department of Animal Husbandry, Thiruvananthapuram, Kerala

**കേരള സംസ്ഥാന കൃഷി, മൃഗസംരക്ഷണ, അച്ചടി, സ്റ്റേഷനറി വകുപ്പ്**

**കുറിപ്പ്**

കർഷകർക്ക് സുരക്ഷയും കാർഷിക വൃത്തിക്ക് മാന്യതയും കൈവരിച്ചുകൊണ്ട് ഹ്രസ്വകാല, ദീർഘകാല പദ്ധതികളിലൂടെ കൃഷി, മൃഗസംരക്ഷണ മേഖലകളിൽ ഉണർവ് പകരാനും ജനസൗഹൃദമാക്കാനും ഐക്യജനാധിപത്യ മുന്നണി സർക്കാരിന് കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ കഴിഞ്ഞു. ഈ കാലയളവിൽ കൃഷി, മൃഗസംരക്ഷണം, അച്ചടി, സ്റ്റേഷനറി വകുപ്പുകൾ

കൈവരിച്ച പ്രധാന നേട്ടങ്ങളേയും നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളേയും പറ്റിയുള്ള ലഘു വിവരണം താഴെക്കൊടുക്കുന്നു.

❖ **<u>കർഷക രക്ഷ-ഭക്ഷ്യ സുഭിക്ഷ</u>** :

'**വികസനവും കരുതലും**' എന്ന മുദ്രാവാക്യത്തിന്റെ അടിസ്ഥാനത്തിൽ കർഷക രക്ഷ-ഭക്ഷ്യ സുഭിക്ഷ എന്ന ദർശനത്തോടെ നിലവിലുള്ള പദ്ധതികളുടെ പോരായ്മകൾ പരിഹരിച്ച് കൂടുതൽ കാര്യക്ഷമമാക്കി ലക്ഷ്യബോധത്തോടെ കർഷക രജിസ്ട്രേഷൻ, കർഷക പെൻഷൻ, ഇ-പേയ്മെന്റ്, ഹൈടെക് ഫാമിംഗ്, നിറവ് പദ്ധതി, കിസാൻ ക്രെഡിറ്റ് കാർഡ്, തരിശുരഹിത പഞ്ചായത്ത്, വിദ്യാലയങ്ങളിലും, നഗരങ്ങളിലും, നടപ്പിലാക്കിയ പച്ചക്കറി വ്യാപനം, മൃഗസംരക്ഷണ രംഗത്തെ ഇന്റഗ്രേറ്റഡ് പൈലറ്റ് പ്രോജക്ട് - ഗോവർദ്ധിനി, നഗരപ്രിയ പദ്ധതി, ആശ്രയ പദ്ധതി, വായ്പകൾക്കുള്ള പലിശ ഇളവുകൾ, പച്ചത്തേങ്ങ സംഭരണം, നീര ഉത്പാദനം, സഹസ്ര സരോവർ പദ്ധതി, ജൈവകൃഷി പ്രോത്സാഹന പദ്ധതികൾ എന്നിങ്ങനെ കർഷകരേയും സാധാരണക്കാരേയും ലക്ഷ്യമിട്ടുകൊണ്ട് സമൂഹത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഉത്പാദനമേഖലയായ കൃഷി മൃഗസംരക്ഷണ മേഖലയുടെ വമ്പിച്ച കുതിച്ചു ചാട്ടത്തിനാണ് കഴിഞ്ഞ രണ്ടു വർഷങ്ങൾ സാക്ഷ്യം വഹിച്ചത്.

❖ **<u>കർഷക പെൻഷൻ:</u>**

കാർഷികോത്പാദനം വർദ്ധിപ്പിക്കുന്നതോടൊപ്പം കർഷകക്ഷേമം ഉറപ്പാക്കാനായി രണ്ടു ഹെക്ടറിനും താഴെ ഭൂമിയുള്ള ഏതാണ്ട് 207844 കർഷകർക്ക് 500 രൂപ വീതം പ്രതിമാസം നൽകി വരുന്നു.

❖ **<u>പച്ചക്കറി ഉല്പാദനത്തിൽ സ്വയം പര്യാപ്തത</u>**:

പച്ചക്കറി ഉത്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിനായി 50 കോടി രൂപയുടെ സമഗ്ര പച്ചക്കറി വികസന പദ്ധതി 2400 വിദ്യാലയങ്ങളിലും 113 സ്വകാര്യ പൊതു മേഖലാ സ്ഥാപനങ്ങളിലും 60 മുനിസിപ്പാലിറ്റികളിലും 5 കോർപ്പറേഷനുകളിലും, 46 ലക്ഷം വിദ്യാർത്ഥികളുടെ വീടുകളിലുമായി നടപ്പിലാക്കി. 5295 ഹെക്ടർ സ്ഥലത്ത് 1059 കർഷക ക്ലസ്റ്ററുകൾ മുഖേന വാണിജ്യ പച്ചക്കറി കൃഷി വ്യാപിപ്പിക്കുകയും മാധ്യമങ്ങൾ വഴി 5 ലക്ഷം വിത്ത് കിറ്റുവിതരണവും നടത്തി.

❖ **<u>ഹൈടെക് കൃഷി - ഗ്രീൻ ഹൗസ്</u>**

കാർഷിക മേഖലയിലെ ആധുനികവത്ക്കരണത്തിന്റെ ഭാഗമായി ഹൈ-ടെക് കൃഷിരീതിക്ക് തുടക്കം കുറിച്ചു. 3000 ഗ്രീൻ ഹൗസുകൾ സംസ്ഥാനത്ത് സ്ഥാപിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. 400 മീറ്റർ സ്ക്വയർ വിസ്തീർണ്ണത്തിൽ 1000 -ത്തിലധികം പോളി ഹൗസുകൾ നിർമ്മിച്ചു. 21 ഹൈടെക് ഗ്രീൻ ഹൗസ് പ്രദർശന യൂണിറ്റും ആരംഭിച്ചു. ഈ സംരംഭങ്ങൾക്ക് 75% സബ്സിഡി നൽകുന്നു.

❖ **<u>പച്ചത്തേങ്ങ സംഭരണം</u>**

കേരകർഷകരുടെ രക്ഷയ്ക്കായി സമഗ്ര നാളികേര വികസന പദ്ധതി നടപ്പാക്കി. 287 കൃഷിഭവനുകൾ വഴി കിലോയ്ക്ക് 16 രൂപ നിരക്കിൽ കേരഫെഡ് പച്ചത്തേങ്ങ സംഭരിച്ച് കൊപ്രയാക്കുന്നതിനുള്ള നടപടി വിജയകരമായി നടന്നുവരുന്നു.

നാളികേരത്തിന് വിപണിയിൽ വിലയിടിവുണ്ടാകുന്ന സാഹചര്യങ്ങളിൽ കേന്ദ്ര സർക്കാരിന്റെ താങ്ങുവില പദ്ധതി പ്രകാരം കൊപ്രാ സംഭരണം നടപ്പി

ലാക്കി വരുന്നുണ്ട്. കേന്ദ്ര സർക്കാർ 2012 സീസണിലേയ്ക്ക് താങ്ങുവില യായി മില്ലിംഗ് കൊപ്രയ്ക്ക് ക്വിന്റലിന് 5250 രൂപയും ഉണ്ട കൊപ്രയ്ക്ക് ക്വിന്റലിന് 5350 രൂപയും പച്ചത്തേങ്ങയ്ക്ക് ക്വിന്റലിന് 1600 രൂപയുമാണ് നിശ്ചയിച്ചിരിക്കുന്നത്. നാഫെഡിന്റെ സ്റ്റേറ്റ് നോഡൽ ഏജൻസികളായ മാർക്കറ്റ്ഫെഡും, കേരഫെഡും മുഖേനയാണ് കൊപ്രാ സംഭരണം നടത്തിവ രുന്നത്. പക്ഷേ, കൊപ്രാ സംഭരണത്തിൽ നാഫെഡിനുണ്ടാകുന്ന നഷ്ടം പൂർണ്ണമായും കേന്ദ്ര സർക്കാർ നികത്താത്ത സാഹചര്യത്തിൽ നാഫെഡ് കൊപ്രാ സംഭരണം നിർത്തിവച്ചിരുന്നു. ഈ സാഹചര്യത്തിൽ സംസ്ഥാ നത്തെ നാളികേര കർഷകരെ തകർച്ചയിൽ നിന്നും രക്ഷിക്കുന്നതിലേ യ്ക്കായി കൃഷിഭവനുകളിലൂടെ നാളികേരം സംഭരിക്കുന്ന ഒരു നൂതന പദ്ധതിക്ക് 2013 ജനുവരി മാസം 1–ാം തീയതി മുതൽ സംസ്ഥാന സർക്കാർ തുടക്കമിട്ടു. ഈ പദ്ധതിയിലൂടെ ഒരു കിലോയ്ക്ക് 16 രൂപ എന്ന നിരക്കി ലാണ് കർഷകരിൽ നിന്നും പച്ചത്തേങ്ങ സംഭരിക്കുന്നത്. സംഭരിക്കുന്ന പച്ച ത്തേങ്ങയുടെ വില അപ്പോൾത്തന്നെ കർഷകർക്ക് നൽകുവാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ സംഭരിക്കുന്ന പച്ചത്തേങ്ങ കേരഫെഡ് വഴി കൊപ്രയാക്കുവാനും കൂടാതെ കേരഫെഡിന്റെ തന്നെ മൂല്യവർദ്ധിത ഉൽപ്പ ന്നങ്ങൾ ഉണ്ടാക്കുവാനുമാണ് ഉപയോഗിക്കുന്നത്. നാഫെഡ് കൊപ്രാ സംഭ രണം നിർത്തിവച്ച വിഷയം ഗൗരവപൂർവ്വം സംസ്ഥാന സർക്കാർ കണക്കിലെ ടുക്കുകയും കേന്ദ്ര സർക്കാരിൽ സമ്മർദ്ദംചെലുത്തി നാഫെഡിനുണ്ടാകുന്ന നഷ്ടം പൂർണ്ണമായും നികത്താമെന്ന തീരുമാനം കേന്ദ്രസർക്കാരിനെക്കൊണ്ട് സ്വീകരിപ്പിക്കുകയും അതുമൂലം ഇപ്പോൾ നാഫെഡ് കൊപ്രാസംഭരണം പുന: രാരംഭിച്ചിട്ടുമുണ്ട്. നാളികേര കർഷകർക്ക് ഏറെ ആശ്വാസപ്രദമാകുന്നതും

മികച്ച വരുമാനമുണ്ടാക്കുന്നതുമായ നീര ഉല്പാദനം ആരംഭിക്കുന്നതിനുള്ള നടപടികളും സർക്കാർ പൂർത്തിയാക്കിവരുന്നു. കൂടാതെ നാളികേരത്തിൽ നിന്നുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങളായ ഡെസിക്കേറ്റഡ് കോക്കനട്ട് പൗഡർ, കോക്കനട്ട് മിൽക്ക് പൗഡർ, കോക്കനട്ട് മിൽക്ക് ക്രീം മുതലായവയുടെ വാണിജ്യാടിസ്ഥാനത്തിലുള്ള വിപണനവും കേരഫെഡ് ആരംഭിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ താങ്ങുവില പദ്ധതിയനുസരിച്ചുള്ള കൊപ്രാ സംഭരണ ത്തിലൂടെ 2012-13 വർഷം 18,143.11 ടൺ കൊപ്ര കേരഫെഡും, മാർക്കറ്റ് ഫെഡും കൂടി സംഭരിച്ചിട്ടുണ്ട്. കൃഷിഭവനുകളിലൂടെയുള്ള പച്ചത്തേങ്ങ സംഭരണ പദ്ധതി പ്രകാരം സംസ്ഥാനത്തെ എട്ട് ജില്ലകളിലെ 269 കൃഷിഭവ നുകളിലൂടെ 39,299 കർഷകരിൽ നിന്നും ഇതിനകം 21,896.96 ടൺ പച്ച ത്തേങ്ങ സംഭരിച്ചു കഴിഞ്ഞു. സംഭരിച്ച നാളികേരത്തിന്റെ വിലയായി 40 കോടി രൂപ 01-06-2013 വരെ കർഷകർക്ക് നൽകിയിട്ടുണ്ട്. നാളികേര മേഖല കൂടുതൽ ആകർഷകമാക്കുവാനും ആദായപ്രദമാക്കുവാനും ലക്ഷ്യമി ട്ടുകൊണ്ട് പൂട്ടിക്കിടന്ന സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ പുനരുജ്ജീവിപ്പിക്കുവാൻ സർക്കാർ തീരുമാനിക്കുകയും അതിനുവേണ്ടിയു ള്ള പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നുവരികയുമാണ്. ഇതിലൂടെ കൂടുതൽ നാളികേരാധിഷ്ഠിതമായ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാ ണവും വിപണനവും സാധ്യമാകുകയും നാളികേര കാർഷിക മേഖല കൂടുതൽ ആദായപ്രദമാകുകയും ചെയ്യും.

❖ **കാർഷിക സേവന കേന്ദ്രങ്ങൾ**

32 ലക്ഷം രൂപ ചെലവിൽ സംസ്ഥാനത്ത് 33 കാർഷിക സേവന കേന്ദ്ര ങ്ങൾ സ്ഥാപിച്ചു. കാർഷിക മേഖല നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി

യായ തൊഴിലാളി ക്ഷാമം പരിഹരിക്കുന്നതിനായി തെരഞ്ഞെടുത്ത ബ്ലോക്കുകളിൽ സേവന കേന്ദ്രങ്ങൾ വഴി തെരഞ്ഞെടുത്ത കർഷകർക്ക് പരിശീലനം, വിവിധ സേവനങ്ങൾ, നടീൽ വസ്തുക്കൾ, മറ്റു ഉത്പാദനോപാധികൾ എന്നിവ ഒരു കുടക്കീഴിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. തൊഴിലാളികളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള കാർഷിക കർമ്മസേനയ്ക്കും രൂപം കൊടുത്തു വരുന്നു.

❖ **തരിശുരഹിത പഞ്ചായത്ത് :**

2011-12- ൽ 3407 ഹെക്ടറും 2012-13 -ൽ 400 ഹെക്ടറും തരിശു നിലങ്ങൾ കരാർ അടിസ്ഥാനത്തിൽ കൃഷിയോഗ്യമാക്കുകയും 10221 ടൺ നെല്ല് അധികമായി ഉല്പാദിപ്പിക്കുകയും ചെയ്തു. മികച്ച തരിശുരഹിത പഞ്ചായത്തുകൾക്ക് സമ്മാന പദ്ധതിയും ഏർപ്പെടുത്തിയിരിക്കുകയാണ്.

❖ **നിറവ് പദ്ധതി :**

ഈ സർക്കാരിന്റെ സംഭാവനയായ വിത്തു മുതൽ വിപണി വരെയുള്ള സമഗ്ര കാർഷിക മൃഗസംരക്ഷണ മേഖലയിലെ വിവിധ പദ്ധതികൾ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനുള്ള പദ്ധതിയാണ് 'നിറവ്'. തുടക്കത്തിൽ 12 നിയോജകമണ്ഡലത്തിൽ വിജയകരമായി നടപ്പാക്കുകയും പുതുതായി 30 നിയോജകമണ്ഡലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

❖ **ജൈവകൃഷി വ്യാപനം:**

ജൈവകൃഷി വ്യാപനം സർക്കാർ വലിയ പ്രാധാന്യം കൊടുത്തു പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കാസർകോട് ജില്ലയെ ജൈവ കൃഷി

ജില്ലയായി പ്രഖ്യാപിക്കുകയും 24 പഞ്ചായത്തുകളിൽ ജൈവകൃഷി വ്യാപിപ്പിക്കുകയും ചെയ്തു. 20 ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് 4480 ഹെക്ടർ സ്ഥലത്ത് ജൈവകൃഷി നടപ്പിലാക്കി.

കൃഷിയുടെ അടിസ്ഥാന ഘടകങ്ങളായ മണ്ണ്-ജല-സംരക്ഷണ പ്രവർത്തനങ്ങൾക്ക് ഈ കാലയളവിൽ ഒട്ടേറെ പദ്ധതികൾ നടപ്പാക്കി. 87 പദ്ധതികളിലായി നബാർഡ് സഹായത്തോടെ 166 കോടി രൂപയുടെ മണ്ണ് - ജല സംരക്ഷണ പ്രവർത്തനങ്ങൾ നടത്തി. കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി 500 ലക്ഷം രൂപ ചിലവഴിച്ച് 36 കുളങ്ങളുടെയും 800 കിണറുകളുടേയും നിർമ്മാണ പ്രവർത്തനങ്ങളും വയനാട് ജില്ലയിൽ 1750 തടയണകളും ദേശീയ നീർമറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 400 ലക്ഷം രൂപയ്ക്കുള്ള മണ്ണ് - ജലസംരക്ഷണ പ്രവർത്തനങ്ങളും നടത്തി.

തിരുവനന്തപുരത്ത് ഒരു സോയിൽ മ്യൂസിയം ഉടൻതന്നെ ഉദ്ഘാടനം ചെയ്യപ്പെടുന്നതാണ്.

❖ **<u>സംസ്ഥാനത്തെ സ്കൂളുകളിൽ ജൈവ പാചക വാതക പ്ലാന്റുകൾ</u>**

വർദ്ധിച്ചു വരുന്ന മാലിന്യ പ്രശ്നം പരിഹരിക്കുന്നതിന്റെ ഭാഗമായി മാലിന്യം ഉറവിടങ്ങളിൽത്തന്നെ സംസ്ക്കരിക്കുന്നതിന് സംസ്ഥാനത്തെ മുഴുവൻ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ ജൈവ പാചക വാതക പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള ഒരു ബൃഹത് പദ്ധതിക്ക് കൃഷി വകുപ്പ് രൂപം കൊടുത്തു. സ്കൂളുകളിലും പരിസരത്തും ഉണ്ടാകുന്ന മാലിന്യം സംസ്ക്കരിച്ച് പാചക വാതകം ഉല്പാദിപ്പിക്കുവാനും ഇത് സ്കൂളിലെ പാചകത്തിനായി ഉപയോഗിക്കുവാനും അതിന്റെ ഉപോത്പന്നമായി ലഭിക്കുന്ന വളം

സ്കൂളിൽ നടപ്പാക്കിയ പച്ചക്കറി കൃഷിക്ക് ഉപയോഗിക്കാനുമാണ് ഉദ്ദേശിക്കുന്നത്. ഇപ്രകാരം ഉൽപാദിപ്പിക്കുന്ന പച്ചക്കറി ഉച്ചഭക്ഷണത്തിന് ഉപയോഗിക്കും. വിദ്യാർത്ഥികളിൽ ചെറുപ്പത്തിലേതന്നെ പരിസര ശുചിത്വ അവബോധം സൃഷ്ടിക്കുവാനും ചെറിയ അളവിൽ ഊർജ്ജ പ്രതിസന്ധി പരിഹരിക്കുവാനും ഈ പദ്ധതി സഹായകമാണ്. കാർഷികവൃത്തിയിലേയ്ക്ക് വിദ്യാർത്ഥികളെ ആകർഷിക്കുവാൻ കഴിയുന്ന ഈ പദ്ധതിയിലൂടെ വിഷരഹിത ജൈവ പച്ചക്കറി ഉൽപ്പാദനവും ലക്ഷ്യമാക്കുന്നു.

പ്രൈമറി, യു.പി., ഹൈസ്കൂൾ വിഭാഗങ്ങൾക്ക് പ്രത്യേകം സ്കീമുകളാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഒരു മണിക്കൂർ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ പാചക വാതകം ലഭിക്കുന്ന 13000 രൂപ ചിലവു വരുന്ന സ്കീം പ്രൈമറി വിഭാഗത്തിനും, രണ്ട് മണിക്കൂർ ശേഷിയുള്ള 17500 രൂപ ചിലവു വരുന്ന സ്കീം യു.പി. വിഭാഗത്തിനും രണ്ടര മണിക്കൂർ ശേഷിയുള്ള 23500 രൂപ ചിലവുവരുന്ന സ്കീം ഹൈസ്കൂൾ വിഭാഗത്തിലുമാണ് ഉദ്ദേശിക്കുന്നത്. സംസ്ഥാനത്തെ 15000 ഓളം വരുന്ന സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ നടപ്പാക്കാനുദ്ദേശിക്കുന്ന ഈ പദ്ധതിയ്ക്ക് 25 കോടി രൂപ ചിലവ് പ്രതീക്ഷിക്കുന്നു.

❖ **കൃഷി അസിസ്റ്റന്റുമാരുടെ പേരുമാറ്റം**

സംസ്ഥാനത്തെ നാലായിരത്തോളം വരുന്ന കൃഷി അസിസ്റ്റന്റുമാർ കഴിഞ്ഞ 15 വർഷക്കാലമായി നിരന്തരം പ്രക്ഷോഭത്തിലായിരുന്നതിനാൽ കൃഷി അസിസ്റ്റന്റ് തസ്തികയുടെ പേര് മാറ്റം യാഥാർത്ഥ്യമാക്കുവാൻ കഴിഞ്ഞു. അസിസ്റ്റന്റ് അഗ്രിക്കൾച്ചർ ഓഫീസർ എന്ന പുതിയ പേര് നൽകിക്കൊണ്ട് ഉത്തരവാക്കുവാൻ കഴിഞ്ഞു.

❖ **പുതുതായി സൃഷ്ടിച്ച തസ്തികകൾ**

കൃഷി, മൃഗസംരക്ഷണ വകുപ്പുകളെ സംയോജിപ്പിച്ചുകൊണ്ട് ആത്മ എന്ന ഒരു പദ്ധതിക്ക് രൂപം കൊടുത്തു. ഒരു അഡീഷണൽ ഡയറക്ടറുടേയും 18 ഡെപ്യൂട്ടി ഡയറക്ടർമാരുടേയും, 5 അസിസ്റ്റന്റ് ഡയറക്ടർമാരുടേയും, 15 സീനിയർ സൂപ്രണ്ടുമാരുടെയും 40 കൃഷി അസിസ്റ്റന്റ്മാരുടെയും തസ്തികകൾ പുതുതായി സൃഷ്ടിക്കുകയുണ്ടായി. കൃഷി വകുപ്പിൽ 1442 ഒഴിവുകൾ നികത്തുകയുണ്ടായി.

❖ **സഹസ്ര സരോവർ പദ്ധതി**

രൂക്ഷമായ വരൾച്ച പരിഹരിക്കുവാനും, ഭൂഗർഭ ജലസ്രോതസ്സ് വർദ്ധിപ്പിക്കുവാനുമായി 1000 കുളങ്ങളുടെ നവീകരണത്തിനായി 'സഹസ്ര സരോവർ' പദ്ധതി ആരംഭിച്ച് നടപ്പാക്കി വരുന്നു.

❖ **നീര**

നാളികേര കർഷകർക്ക് കൂടുതൽ വരുമാനവും ചെത്ത് തൊഴിലാളികൾക്ക് കൂടുതൽ തൊഴിലവസരവും സൃഷ്ടിക്കുന്നു. തെങ്ങിൽ നിന്നും "നീര" ഉത്പാദിപ്പിക്കുവാനുള്ള പദ്ധതി കേരളത്തിന്റെ കാർഷിക മേഖലയ്ക്കും സമ്പദ്ഘടനയ്ക്കും തന്നെ വിപ്ലവകരമായ മാറ്റം കൈവരുത്തുമെന്ന് ഉറപ്പിച്ചു പറയാം.

❖ **നാളികേര നെൽ ബയോ പാർക്കുകൾ**

സംസ്ഥാനത്ത് കുട്ടനാട്, പാലക്കാട് എന്നീ സ്ഥലങ്ങളിൽ റൈസ് ബയോ പാർക്കുകൾ സ്ഥാപിക്കുവാനും കൊല്ലം ജില്ലയിലെ അഞ്ചൽ, തൃശ്ശൂർ ജില്ലയിലെ ചേലക്കര, കണ്ണൂർ ജില്ലയിലെ ആറളം ഫാം എന്നീ സ്ഥലങ്ങളിൽ

നാളികേര ബയോ പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള മെമ്മോറാണ്ടം ഓഫ് അസോസിയേഷനും റൂൾസും റഗുലേഷനുകളും 22.05.2013 ലെ മന്ത്രിസഭാ യോഗം അംഗീകരിച്ചു. കൂടാതെ ഈ ബയോപാർക്കുകൾക്ക് പൊതുവായി ടെക്നോപാർക്ക് മോഡലിൽ ഒരു ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, മാനേജർ (ഫിനാൻസ്), മാനേജർ (ടെക്നിക്കൽ), അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എന്നീ തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷത്തെ പദ്ധതിയിൽ വിഭാവനം ചെയ്തിരുന്ന ഈ പാർക്കുകളുടെ അനുമതി സാങ്കേതിക കാരണങ്ങളാലാണ് നീണ്ടുപോയത്.

കാർഷിക പദ്ധതികൾ നടപ്പാക്കുന്ന കൃഷി ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി വകുപ്പുതലത്തിൽ വാഹനം ലഭ്യമാക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി 75 ബോലേറോ ജീപ്പുകൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഫ്ളാഗ് ഓഫ് ചെയ്യുകയുണ്ടായി. സംസ്ഥാനത്ത് കൃഷി ഭവനുകളിൽ 550 ഹോണ്ട ആക്റ്റീവ സ്കൂട്ടറുകളും ലഭ്യമാക്കുകയുണ്ടായി.

❖ **മൃഗസംരക്ഷണ മേഖല :**

മൃഗസംരക്ഷണ മേഖലയിൽ ഭക്ഷ്യ സുരക്ഷ പദ്ധതിയുടെ ഭാഗമായി സംയോജിത കന്നുകാലി വികസന പരിപാടിയിലൂടെ സംസ്ഥാനത്തെ 7992 കർഷകർക്ക് ഒരു ഗർഭിണി പശു, 2 ആട്, 10 കോഴി എന്നിവ 50% സബ്സിഡിയിൽ വിതരണം ചെയ്തു വരുന്നു. 25000 രൂപയുടെ വീതം ആനുകൂല്യം ഓരോ ഗുണഭോക്താവിനും ലഭിക്കുന്ന ഈ പദ്ധതി എല്ലാ ജില്ലകളിലും നടപ്പാക്കിവരുന്നു. ഇതിലൂടെ 308 ലക്ഷം ലിറ്റർ പാലും 136.8 ലക്ഷം മുട്ടയും വർഷംതോറും സംസ്ഥാനത്ത് അധികമായി ഉത്പാദിപ്പിക്കുവാൻ ലക്ഷ്യമിട്ടിരി

ക്കുന്നു. 400 വനിതകൾക്ക് 1 പശുവും, 1 ആടും വാങ്ങുന്നതിന് 25000 രൂപ വീതം ധനസഹായം നൽകുന്ന 100 ലക്ഷം രൂപയുടെ പദ്ധതിയും, 400 കർഷ കരുടെ ഫാമുകൾ യന്ത്രവത്കരിക്കുന്നതിന് 25000 രൂപ വീതം 100 ലക്ഷം രൂപയും അനുവദിച്ചു. തെരഞ്ഞെടുത്ത മാതൃക കർഷകർക്കായുള്ള സഹായ പദ്ധതി 200 ലക്ഷം രൂപ ചെലവിൽ നടപ്പാക്കി. ഒരു പഞ്ചായത്തിൽ 100 എന്ന നിലയിൽ 1 ലക്ഷം കന്നുക്കുട്ടികളെ ദത്തെടുത്ത് തീറ്റയും പരിചര ണവും ഉറപ്പാക്കുന്ന ഗോവർദ്ധിനി പദ്ധതി ഈ വർഷം തന്നെ ആരംഭിച്ചു നടപ്പാക്കുന്നതാണ്.

പാലക്കാട് ജില്ലയിലെ 8 പഞ്ചായത്തുകളിൽ "കണ്ണാടി" മോഡൽ പശു വളർത്തൽ പദ്ധതിയും മലപ്പുറം ജില്ലയിലെ 3 പഞ്ചായത്തുകളിൽ "വട്ടക്കുളം" മോഡൽ കോഴിവളർത്തൽ പ്രോത്സാഹന പദ്ധതികൾക്കും പണം ലഭ്യമാക്കി. കർഷകർക്കുള്ള പലിശ, സബ്സിഡി, കാലിത്തീറ്റ വിതരണ പദ്ധതി, ഫാം സ്കൂളുകൾ, ജന്തുക്ഷേമ ക്ലബ്ബുകൾ എന്നിവയും വിജ യകരമായി നടപ്പാക്കിവരുന്ന പദ്ധതികളാണ്.

13-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി രണ്ടു ഫാമുകളിൽ ഹൈടെക് ഡയറി സ്ഥാപിക്കുന്നതിന് 15 കോടി രൂപയും, തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്നിൽ മൾട്ടി സ്പെഷ്യാലിറ്റി വെറ്ററിനറി കോംപ്ലക്സ് സ്ഥാപിക്കാൻ 5 കോടി രൂപയും, പാലോട് ഫാർമസ്യൂട്ടിക്കൽ ഡിവിഷനിൽ 1.9 കോടി രൂപയും കാഫ് പ്രൊട്ടക്ഷൻ പദ്ധതിക്ക് 31 കോടി രൂപയും വിനി യോഗിച്ച് 25000 പശുക്കുട്ടികൾക്ക് സൗജന്യ നിരക്കിൽ കാലിത്തീറ്റ വിത രണം ചെയ്യുന്ന പദ്ധതിയും നടപ്പിലാക്കി. കോഴിവളർത്തൽ പ്രോത്സാഹനം,

ഗോരക്ഷ ഇൻഷ്വറൻസ് പദ്ധതി, ഇന്റഗ്രേറ്റഡ് പൈലറ്റ് പ്രോജക്ട്, കർഷക അവാർഡുകൾ, അടിസ്ഥാന സൗകര്യ വികസനം, ആരോഗ്യരക്ഷാ ക്യാമ്പുകൾ, സംരംഭക വികസന പരിശീലന പരിപാടികളും, മേളകളും, മൃഗചികിത്സാ സേവനം തുടങ്ങിയ പരിപാടികളും നടപ്പാക്കി വരുന്നു.

❖ **<u>നഗരപ്രിയ – ആശ്രയ പദ്ധതി</u>**

മലയാളിയുടെ മാറിവരുന്ന ഭക്ഷ്യ സംസ്ക്കാരത്തിന്റെ ഭാഗമായി കോഴി മുട്ടയുടേയും, കോഴിമാംസത്തിന്റേയും ആവശ്യകത മനസ്സിലാക്കി നഗരങ്ങളിൽ നഗരപ്രിയ പദ്ധതിയും, വിധവകൾക്കും, കാൻസർ രോഗികൾക്കുമായി ആശ്രയ പദ്ധതിയും നടപ്പിലാക്കുകയാണ്.

❖ **<u>അച്ചടി വകുപ്പ് :</u>**

അച്ചടി വകുപ്പ് 175-ാം വർഷം ആഘോഷിക്കുന്നു. അച്ചടി വകുപ്പിന്റേയും പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടന്നുവരുന്നു. സർക്കാർ പ്രസ്സിന്റെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി അത്യന്താധുനിക ഫോർ കളർ വെബ് ഓഫ്സെറ്റ് മെഷീനുകൾ മണ്ണന്തല, ഷൊർണ്ണൂർ, വാഴൂർ പ്രസ്സുകളിൽ സ്ഥാപിച്ച് തൃപ്തികരമായി പ്രവർത്തിച്ചു വരുന്നു.

തിരുവനന്തപുരം, മണ്ണന്തല, പൂജപ്പുര ജയിൽ, കൊല്ലം ഗവ: പ്രസ്സുകളിൽ 8 ഷീറ്റ് ഹെഡ് ഓഫ് സെറ്റ് മെഷീനുകൾ സ്ഥാപിച്ച് പ്രവർത്തനം നടത്തി വരുന്നു. 3.5 കോടിരൂപ ചെലവിൽ നിർമ്മിച്ച അച്ചടി വകുപ്പ് ഡയറക്ടറുടെ ആസ്ഥാന മന്ദിരം താമസിയാതെ ഉദ്ഘാടനം ചെയ്തു പ്രവർത്തിക്കുന്നതുമാണ്. പേപ്പർ ടെസ്റ്റിംഗ് ലാബിന്റെ നവീകരണത്തിന്റെ ഭാഗമായി ആധുനിക രീതിയിലുള്ള ഡിജിറ്റൽ പേപ്പർ ടെസ്റ്റിംഗ് യന്ത്ര സാമഗ്രികൾ സ്ഥാപിക്കുവാനും കഴിഞ്ഞു.

### ❖ സമഗ്ര കാർഷിക വികസനം – ലക്ഷ്യം :

കാർഷിക മേഖലയുടെ വളർച്ചയെ ആശ്രയിച്ചാണ് രാജ്യത്തിന്റെ പൊതു വികസനം സ്ഥിതി ചെയ്യുന്നത് എന്ന യാഥാർത്ഥ്യ ബോധത്തോടെയാണ് 2013–14 ബഡ്ജറ്റിൽ നമ്മുടെ സമ്പദ് വ്യവസ്ഥയുടെ നട്ടെല്ലായ കർഷകരുടെ രക്ഷ ഉറപ്പാക്കുന്നതിനും കർഷക സമ്പദ്ഘടനയുടെ മുന്നേറ്റത്തിനുമായി സുപ്രധാന പദ്ധതികളായ പലിശ ബാദ്ധ്യത എഴുതിത്തള്ളൽ, പലിശ രഹിത വായ്പ ലഭ്യമാക്കൽ, കാർഷിക വായ്പാ തിരിച്ചടവിന് റിസ്ക് ഇൻഷുറൻസ്, സംയോജിത കൃഷിത്തോട്ട പദ്ധതി, മാതൃക ഹൈടെക് ഗ്രാമങ്ങൾ, നെല്ലുസംഭരണം, കർഷക ഉത്പാദക സംഘങ്ങളും കർഷക മാർക്കറ്റുകളും, സമഗ്ര വിള ഇൻഷ്വറൻസ് പദ്ധതിയും ഉൾപ്പെടുത്തിയിരിക്കുന്നത്. 2013–14 വർഷം കാർഷിക രംഗത്ത് ഒരു കുതിച്ചു ചാട്ടത്തിനായി നമുക്ക് കൈകോർക്കാം. വിദ്യാർത്ഥികൾ, കർഷകർ, അദ്ധ്യാപകർ, മറ്റ് ജനപ്രതിനിധികൾ തുടങ്ങിയവരുടെ കാർഷികമേഖലയ്ക്ക് പുത്തനുണർവ് പകരുവാനുള്ള സഹകരണവും, പുതിയ നിർദ്ദേശങ്ങളും ഈ മേഖലയ്ക്ക് മുതൽക്കൂട്ടാണ്. സംസ്ഥാനത്തെ മുഴുവൻ വിദ്യാലയങ്ങളിലും കേരള കർഷകൻ മാസിക സൗജന്യമായി നൽകിക്കൊണ്ടും, സംസ്ഥാനത്തെ മുഴുവൻ വിദ്യാർത്ഥികൾക്കും പച്ചക്കറി വിത്ത് നൽകിക്കൊണ്ടും, കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ് നൽകിക്കൊണ്ടും കർഷക ക്ലബ്ബുകളും, അനിമൽ ക്ലബ്ബുകളും രൂപീകരിച്ചും പുതുതലമുറയെ കാർഷികമേഖലയിലേയ്ക്ക് ആകർഷിക്കുവാനുള്ള നടപടികൾക്ക് ചടുലത ഏറി വരികയാണ്. കാർഷിക വൃത്തി ഒരു മാന്യമായ തൊഴിലും, കൃഷി ആദായകരമാക്കിയും മാറ്റുന്നതോടെ മാത്രമേ കൃഷിയോടുള്ള ആഭിമുഖ്യം വളർത്തിയെടുക്കുവാൻ സാധിക്കുകയുള്ളു. അതിനാ

യുള്ള പ്രവർത്തനം വരും വർഷങ്ങളിൽ സജീവമാക്കും. പുതുതലമുറയിൽ ഒരു കാർഷിക സംസ്ക്കാരവും, കൃഷി എന്ന തൊഴിലിനോടുള്ള ആഭിമുഖ്യവും വളർത്തിവേണം നമ്മുടെ സംസ്ഥാനത്തെ ഭക്ഷ്യോത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുവാൻ. കേരളത്തെ 2016 - ആകുമ്പോഴേയ്ക്കും ഒരു ജൈവ സംസ്ഥാനമായി മാറ്റുക എന്നതാണ് ലക്ഷ്യം. അതിന് യുവതലമുറയുടെയും പ്രത്യേകിച്ച് വിദ്യാർത്ഥികളുടേയും പൂർണ്ണ സഹകരണവും സാന്നിദ്ധ്യവും അനിവാര്യമാണ്. അത് കൂടുതൽ ആർജ്ജിച്ച് മുന്നോട്ട് പോകുവാൻ മുഴുവൻ ജനവിഭാഗത്തിന്റേയും സഹായ സഹകരണങ്ങൾ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

(പ്രതിപക്ഷാംഗങ്ങൾ സ്പീക്കറുടെ ഡയസിനുമുന്നിൽ നിന്ന് മുദ്രാവാക്യം വിളിക്കുകയും ബഹളം വയ്ക്കുകയും ചെയ്തുകൊണ്ടിരുന്നു.)

മി. സ്പീക്കർ: നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ ഒന്നും നിലനിൽക്കുന്നില്ല. ..... (ബഹളം).....

സ്റ്റേഷനറിയും അച്ചടിയും മറ്റുഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2013-14 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ....................

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2013-14 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ....................

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2013-14 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ....................

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2013-14 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ....................

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

(പ്രതിപക്ഷാംഗങ്ങൾ സ്പീക്കറുടെ ഡയസിനുമുന്നിൽ നിന്ന് മുദ്രാവാക്യം വിളിക്കുകയും ബഹളം വയ്ക്കുകയും ചെയ്തുകൊണ്ടിരുന്നു.)

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, കനത്ത കാലവർഷം .......(ബഹളം)....... ഈ സംസ്ഥാനത്തൊട്ടാകെ .......(ബഹളം).......

മി. സ്പീക്കർ: പ്ലീസ്......... പ്ലീസ്........ .......(ബഹളം)....... ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു പ്രമേയം........

ശ്രീ. ഉമ്മൻ ചാണ്ടി: സർ, കനത്ത കാലവർഷമാണ് സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും. തിരുവനന്തപുരം ജില്ലയിൽ ഇന്ന് സ്കൂളുകൾക്കെല്ലാം അവധി കൊടുത്തിരിക്കുകയാണ്. മറ്റ് ജില്ലകളിലും കളക്ടർമാരോട് ആവശ്യാനുസരണം നടപടികളെടുക്കാൻ ആവശ്യപ്പെട്ടിരിക്കുകയാണ്. ഇപ്പോൾത്തന്നെ അടിയന്തിരമായി ഈ കാര്യങ്ങൾ ചർച്ച ചെയ്യാൻ ക്യാബിനറ്റ് കൂടുന്നുണ്ട്. ഈ സാഹചര്യത്തിൽ നാളത്തെ സഭാ സമ്മേളനം റദ്ദ് ചെയ്യണം. എം.എൽ.എ.-മാർക്ക് അവരുടെ ജില്ലകളിലേയ്ക്കും നിയോജകമണ്ഡലങ്ങളിലേയ്ക്കും പോകാൻ അവസരമുണ്ടാകണം എന്നുള്ളതിന്റെ പേരിൽ വെള്ളിയാഴ്ച സഭ ചേരേണ്ടതില്ലായെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു. .......(ബഹളം).......

മി. സ്പീക്കർ: ഇവിടെ മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയം സഭ ഏകകണ്ഠമായി അംഗീകരിച്ചിരിക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2013 ജൂൺ 24-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 12.11-ന് പിരിഞ്ഞു.)

♣ ♣ ♣ ♣ ♣ ♣